സി.പി(3) 679/2019

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം, തീയതി: 11.02.2019
website-www.cooperation.kerala.gov.in

**സർക്കുലർ നമ്പർ: 06/19**

വിഷയം: സഹകരണ വകുപ്പ്- സഹകരണ സംഘം രജിസ്ട്രാർറുടെ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നത്-മാർഗ്ഗനിർദ്ദേശം- പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

സൂചന :
1. ബഹു.കേരള ഹൈക്കോടതിയുടെ 31.01.2019 ലെ WP©35791/2018(Y) നമ്പർ ഉത്തരവ്.
2. സഹകരണ സംഘം രജിസ്ട്രാറുടെ 17.08.2001 ലെ 32/2001 നമ്പർ സർക്കുലർ നിർദ്ദേശം.

സംസ്ഥാനത്തെ ചില സഹകരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങൾ ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണ സമിതി അംഗങ്ങളും, ഉദ്യോഗസ്ഥരും ദുരുപയോഗം ചെയ്ത് വരുന്നതായും, ചില സഹകരണ സംഘങ്ങൾ, അവരുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളിൽ ചുവപ്പ്, നീല നിറങ്ങളിലുള്ള നെയിം പ്ലേറ്റുകൾ അനധികൃതമായി ഉപയോഗിച്ച് വരുന്നത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ടെന്നും ബഹു.കേരള ഹൈക്കോടതി സൂചന (1) പ്രകാരം നിരീക്ഷിച്ച് ഉത്തരവായിട്ടുണ്ട്. ടി സാഹചര്യത്തിൽ സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളും അവരുടെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ലോഗ് ബുക്ക്, ട്രിപ്പ് ഷീറ്റ് എന്നിവ സൂക്ഷിക്കേണ്ടതുൾപ്പടെയുള്ള സൂചന (2) സർക്കുലർ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. അതോടൊപ്പം സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങൾ അവരുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളിൽ ചുവപ്പ്, നീല നിറങ്ങളിലുള്ള നെയിം പ്ലേറ്റുകൾ ഉപയോഗിക്കാൻ പാടില്ലാത്തതും, നെയിം പ്ലേറ്റുകളിൽ സ്ഥാപനങ്ങളുടെ പേര് ആലേഖനം ചെയ്യാൻ പാടില്ലാത്തതുമാണ്. വാഹന ദുരുപയോഗം ശ്രദ്ധയിൽ പെട്ടാൽ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതും സ്ഥാപനത്തിനുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും

ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. സഹകരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ടി നിർദ്ദേശങ്ങൾ അവരവരുടെ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ കൊണ്ട് വരേണ്ടതും അവ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

ഒപ്പ്
എസ്.ഷാനവാസ്.ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് :

1. രജിസ്ട്രാർ, കേരള ഹൈക്കോടതി,എറണാകുളം
2. സെക്രട്ടറി, നിയമസഭ സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
3. എല്ലാ ജില്ല ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
4. എല്ലാ ജില്ല ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
5. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളും.
6. സഹകരണ വീഥി (പ്രസിദ്ധീകരണത്തിന്)
7. സഹകരണ ജേണൽ (പ്രസിദ്ധീകരണത്തിന്)
8. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
9. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും
10. വെബ് സൈറ്റ്
11. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(സി.പി സെക്ഷൻ)